"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മലപ്പുറം ജില്ലയിലെ താഴെക്കോട് ഗവ. വനിതാ ഐ.ടി.ഐ . യ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനായി 1 ഏക്കർ 10 സെൻറ് സ്ഥലം വാങ്ങുന്നതിനും വസ്തു ഉടമയ്ക്ക് നിയമാനുസൃതമായ തുക നൽകുന്നതിനുമുള്ള അനുമതി താഴെക്കോട് ഗ്രാമപഞ്ചായത്തിന് നല്കി -ഉത്തരവ് പുറപ്പെടുവക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1744/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 24/09/2020

---

പരാമർശം:- 1 താഴെക്കോട് ഗ്രാമപഞ്ചായത്തിൻെറ 2.5.2019-ലെ 14(1) നമ്പർ യോഗ തീരുമാനം

2 താഴെക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17/05/2019 -ലെ എ2-2619/19 നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 13/01/2020, 11/07/2019 തീയതികളിലെ PAN/8142/19-C4(DP) നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ താഴെക്കോട് ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ താല്ക്കാലികമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഗവ. വനിതാ ഐ.ടി.ഐ. യ്ക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് താഴെക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തതിൻെറ അടിസ്ഥാനത്തിൽ അതു സംബന്ധിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സൂചന 2 പ്രകാരമുള്ള അപേക്ഷ സൂചന 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

ശ്രീമതി റുഖിയ മുഹമദ് ഹാജി ഇരട്ടപ്പുലാക്കല്, അരക്കപ്പറമ്പ് എന്നവരുടെ ഉടമസ്ഥതതയിലുള്ള പെരിന്തൽമണ്ണ താലൂക്കിൽ അരക്കുപറമ്പ് വില്ലേജിൽ ഉൾപ്പെട്ട ബ്ളോക്ക് നമ്പർ 004 സർവ്വേ നമ്പർ 315/16 ലെ 93 ആർ 8 ച. മീ. ൽപ്പെട്ട 1 ഏക്കർ 10 സെൻറ് സ്ഥലം വാങ്ങുന്നതിനും റവന്യൂ അധികാരികൾ നിശ്ചയിക്കുന്ന നിരക്കിലും നിലവിലെ ചട്ടങ്ങൾ പ്രകാരവും ഉടമയ്ക്ക് തുക നൽകുന്നതിനുമുള്ള അനുമതിക്കായാണ് അപേക്ഷിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ താഴെക്കോട് ഗവ. വനിതാ ഐ.ടി.ഐ. യ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനായി ശ്രീമതി റുഖിയ മുഹമദ് ഹാജി ഇരട്ടപ്പുലാക്കല്, അരക്കപ്പറമ്പ് എന്നവരുടെ ഉടമസ്ഥതയിലുള്ള പെരിന്തൽമണ്ണ താലൂക്കിൽ അരക്കുപറമ്പ് വില്ലേജിൽ ഉൾപ്പെട്ട ബ്ളോക്ക് നമ്പർ 004 സർവ്വേ നമ്പർ 315/16 ലെ 93 ആർ 8 ച. മീ. ൽപെട്ട 1 ഏക്കർ 10 സെൻറ് സ്ഥലം, ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരിക്കുന്ന തനത് ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ച് വാങ്ങുന്നതിനും റവന്യൂ അധികാരികൾ നിശ്ചയിക്കുന്ന നിരക്കിലും നിലവിലെ ചട്ടങ്ങൾ പ്രകാരവും ഉടമയ്ക്ക് തുക നൽകുന്നതിനും താഴെക്കോട്

ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.

സെക്രട്ടറി,താഴെക്കോട് ഗ്രാമ പഞ്ചായത്ത്,മലപ്പുറം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ).,കേരളം,തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്-1/ആഡിറ്റ്-II ) കേരളം,തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

റവന്യൂ വകുപ്പ്

നിയമവകുപ്പ്(5.3.2020-ലെ 4073/അഡ്വൈസ്-ഡി3/2020/നിയമം)

ധനകാര്യ വകുപ്പ്(4.8.2020-ലെ 1499405/ഡെവ.3/ധന.)

വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ(ആർ.സി1/27/2019/ത.സ്വ.ഭ.വ) /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ